(ബി) രണ്ടു സീറ്റുകൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തിട്ടുണ്ട്.

(സി)&(ഡി) ഇല്ല.

(ഇ) സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ഈ കോഴ്സിലെ അർഹമായ വിദ്യാർത്ഥികൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

122 (748) പുതിയ വാർഡിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻബത്തേരി താലൂക്കാശുപത്രിയിൽ പോസ്റ്റ്മാർട്ടം വാർഡ് കെട്ടിടത്തിൽ മുകൾനിലയായി നിർമ്മിച്ചിട്ടുള്ള വാർഡ് ഇതേവരെ തുറന്ന് പ്രവർത്തിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) ഈ വാർഡ് എത്രയുംപെട്ടെന്ന് തുറന്ന് പ്രവർത്തിപ്പിക്കാൻവേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) സുൽത്താൻബത്തേരി താലൂക്കാശുപത്രിയിൽ പോസ്റ്റ്മാർട്ടം വാർഡ് പതിനഞ്ചിന പരിപാടിയുടെ ഭാഗമായുള്ള ഫണ്ടിൽനിന്നും 5 ലക്ഷം രൂപ ഉപയോഗിച്ച് പി.ഡബ്ല്യൂ.ഡി. പണിചെയ്തു കഴിഞ്ഞു. എന്നാൽ ഇതുവരെ ആരോഗ്യവകുപ്പിന് കെട്ടിടം കൈമാറിയിട്ടില്ല.

(ബി) കെട്ടിടം ആരോഗ്യവകുപ്പിന് കൈമാറിയതിനുശേഷമേ ഇതിനാവശ്യമായ നടപടി കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

123 (749) ഗ്രാമപഞ്ചായത്തിന് സ്ഥലം വിട്ടുകൊടുക്കാൻ നടപടി

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിലേയ്ക്ക് ആരോഗ്യവകുപ്പിന്റെ സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടി അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ആവശ്യങ്ങൾക്ക് എത്ര സെന്റ് വീതമാണ് ആവശ്യപ്പെട്ടിരിക്കുന്നത്;

(സി) പ്രസ്തുത സ്ഥലം വിട്ടുകൊടുക്കാൻ ഇപ്പോൾ എന്താണ് തടസ്സം എന്ന് വെളിപ്പെടുത്തുമോ;

(ഡി) സ്ഥലം വിട്ടുകൊടുക്കുന്നതിന് എന്നാണ് ആവശ്യപ്പെട്ടത്;

(ഇ) സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly